പതിമൂന്നാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ:808 28.09.2011- ലെ മറുപടി

ബസ്സുകൾ അനുവദിക്കാൻ നടപടി

ചോദ്യം ഉത്തരം

ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ)

ശ്രീ. വി.എസ്. ശിവകുമാർ
ഗതാഗതവും ദേവസ്വവും വകുപ്പ് മന്ത്രി

| | | | |
|---|---|---|---|
| | പയ്യന്നൂർ - തലിപ്പാലം - തൃക്കരിപ്പൂർ ദേശസാൽകൃത റൂട്ടിൽ കൂടുതൽ കെ. എസ്. ആർ. ടി. സി. ബസ്സുകൾ അനുവദിക്കാൻ നടപടികൾ സ്വീകരിക്കുമോ? | | പയ്യന്നൂർ - തൃക്കരിപ്പൂർ റൂട്ട് (തലിപ്പാലം വഴി) ദേശസാത്കൃത റൂട്ടല്ല. റൂട്ട് നോട്ടിഫിക്കേഷൻ ഇതുവരെ നടത്തിയിട്ടുമില്ല. പയ്യന്നൂരിൽ നിന്ന് തൃക്കരിപ്പൂരിലേക്ക് ഒളവറ, ഇളംബച്ചി വഴി മാത്രമാണ് 21.03.2008 വരെ സർവ്വീസ് ഉണ്ടായിരുന്നത്. 5 മിനിട്ട് ഇടവേളകളിൽ പയ്യന്നൂരിൽ നിന്ന് ഒളവറ, തൃക്കരിപ്പൂർ വഴി ചെറുവത്തൂർ ചീമേനി, നീലേശ്വരം, കാഞ്ഞങ്ങാട്, പടന്ന ഭാഗങ്ങളിലേക്കും തിരിച്ചും സ്വകാര്യ ബസ്സ് സർവ്വീസ് നടത്തിവരുന്നുണ്ട്. ഇതേ റൂട്ടിലൂടെ പടന്ന വഴി ഓരിക്കടവിലേക്കും മംഗലാപുരത്തേക്കും കെ.എസ്.ആർ.ടി.സി.യും സർവ്വീസ് നടത്തിയിരുന്നു. 21.03.2008-ൽ തലിപ്പാലം പാലം ഉദ്ഘാടനം ചെയ്തതോട് കൂടി തൃക്കരിപ്പൂരിലേക്ക് ഒരു ബദൽ റോഡ് നിലവിൽ വരികയും കെ.എസ്.ആർ.ടി.സി. ഈ റൂട്ടിലൂടെ 6 സർവ്വീസുകൾ ആരംഭിക്കുകയും ചെയ്തു. കൃത്യമായി സർവ്വീസ് നടത്തിയെങ്കിലും വരുമാനം മെച്ചപ്പെട്ടില്ല. തുടർന്ന് 4 സർവ്വീസുകൾ നിലച്ച് പോകുകയാണുണ്ടായത്. നിലവിൽ 2 ഓർഡിനറി സർവ്വീസുകളും |

| | | |
|---|---|---|
| | | മംഗലാപുരത്തേക്കുള്ള അന്തർ സംസ്ഥാന സർവ്വീസും കെ.എസ്.ആർ.ടി.സി. തലിപ്പാലം വഴി ഓപ്പറേറ്റ് ചെയ്ത് വരുന്നുണ്ട്. മെച്ചപ്പെട്ട വരുമാനം ലഭിക്കാൻ സാധ്യതയില്ലാത്തതിനാൽ കൂടുതൽ സർവ്വീസുകൾ തലിപ്പാലം വഴി നടത്തുന്നകാര്യം ഇപ്പോൾ കെ.എസ്.ആർ.ടി.സി.യുടെ പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ